പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1086** 2.03.2017-ൽ മറുപടിയ്ക്ക്

## കാൽനടയാത്ര സുരക്ഷിതമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ തിരക്കേറിയ പൊതു റോഡുകളിൽ കാൽനട യാത്രക്കാർക്ക് യാതൊരു പരിഗണനയും നൽകാത്ത വിധം, വാഹനങ്ങൾ തിങ്ങി നിറയുന്നതുമൂലം കാൽനടയാത്രക്കാർ അപകടങ്ങളിൽപ്പെട്ട് അതിദാരുണമായി കൊല്ലപ്പെടുന്നതായ വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഈ ഗുരുതര പ്രശ്ന പരിഹാരത്തിന് എന്തെങ്കിലും നടപടികൾ ആലോചിച്ചിട്ടുണ്ടോ? | (ബി) കാൽനടയാത്രക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സുരക്ഷിത നടപ്പാതകളും, മേൽപ്പാലങ്ങളും ഏർപ്പെടുത്താനാണ് ആഗ്രഹിക്കുന്നത്. പുതിയ റോഡ് നിർമ്മാണത്തിൽ കാൽനടയാത്രക്കാർക്കായി നടപ്പാത നിർബന്ധമാക്കിയിട്ടുണ്ട്. കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി സീബ്രാ ക്രോസിംഗ് ആവശ്യമുള്ളിടത്ത് നൽകാറുണ്ട്. തിരക്കേറിയ ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ സംവിധാനം നൽകി ഗതാഗത നിയന്ത്രണം നടത്താറുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കി വരുന്ന നഗര റോഡു വികസന പദ്ധതിയിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വത്തിന് മുന്തിയ പരിഗണനയാണ് നൽകുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ എല്ലാ റോഡുകളിലും നടപ്പാതകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. കാൽനടയാത്രക്കാരുടെ സൗകര്യാർത്ഥം ഈ നടപ്പാതകളിൽ ഉന്നത ഗുണനിലവാരമുള്ള ഓടുകൾ (Polymer Coated Interlocking Block) പാകി മനോഹരമാക്കിയിട്ടുണ്ട്. കൂടാതെ, കാൽനട യാത്രക്കാരുടെ |

സുരക്ഷിതത്വത്തിനായി പ്രധാന ജംഗ്ഷനുകളിൽ കമ്പിവേലികൾ സ്ഥാപിക്കുകയും, റോഡ് മുറിച്ച് കടക്കേണ്ട സ്ഥലങ്ങളിൽ സീബ്രാ ക്രോസിംഗ് വരച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സിഗ്നലുകൾ സ്ഥാപിച്ചിട്ടുള്ള ജംഗ്ഷനുകളിൽ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിനു വേണ്ടി പ്രത്യേക സിഗ്നലിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. കാൽനടയാത്രക്കാർക്കും, വാഹനങ്ങൾക്കും സുഗമമായ യാത്ര ഉറപ്പാക്കുന്നതിന് കേരള ഹൈക്കോടതി പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയുടെ കീഴിൽ ഏകദേശം 43 കി.മീ. റോഡാണ് ഇപ്രകാരം കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി നടക്കത്തക്കവിധം വികസിപ്പിച്ചിട്ടുള്ളത്.

**(സി)** തിരുവനന്തപുരം ജില്ലയിലെ പേയാട്, പ്രാദേശിക ഭരണ സമിതിയും പൊതുജനവും യോജിച്ച് സ്വീകരിച്ച അടിയന്തിര ഇടപെടൽ മറ്റിടങ്ങളിലും സർക്കാർ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

**(ഡി)** തിരക്കേറിയ ടൗണിലും വിദ്യാലയങ്ങളുടെ സമീപവും റോഡിന്റെ വശങ്ങളിൽ ഹാൻഡ്റീലും, ഇന്റർലോക്കും ഉൾപ്പെടെയുള്ള നടപ്പാതയും ഫ്ലൈഓവറും അടിപ്പാതയും നിർമ്മിച്ച് കാൽനടയാത്ര സുരക്ഷിതമാക്കാൻ നടപടി സ്വീകരിക്കുമോ ?

**(സി) & (ഡി)** കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ജംഗ്ഷനുകൾ, മറ്റു പ്രധാന സ്ഥലങ്ങൾ എന്നിവയിലും കുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂൾ മേഖലകളിലും നടപ്പാതകൾ നിർമ്മിച്ചു വരുന്നു. പുതുതായി ഏറ്റെടുത്തു വരുന്ന നഗര വികസന പദ്ധതികളിൽ റോഡ് വികസനത്തോടൊപ്പം, നടപ്പാതകളും പൂർണ്ണമായി നടപ്പിലാക്കി വരുന്നു. ഗതാഗത തിരക്കുള്ള സ്ഥലങ്ങളിൽ അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവ ആവിഷ്കരിക്കുന്നതിനായി നാട്പാക്ക് തുടങ്ങിയ ഏജൻസികൾ മുഖേന പല പദ്ധതികളുടേയും പഠനം നടന്നുവരുന്നു. കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത റോഡുകളിൽ കാൽനടയാത്ര - ക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് തിരക്കേറിയ ടൗണുകളിലും, വിദ്യാലയങ്ങളുടെ സമീപത്തും, റോഡിന്റെ വശങ്ങളിൽ ഹാന്റ്റെയിൽ, ഇന്റർലോക്ക് ഉൾപ്പെടെയുള്ള നടപ്പാത നിർമ്മിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ